**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 458** **16-03-2023 - ൽ മറുപടിയ്ക്ക്**

**നഗരങ്ങൾ മാലിന്യമുക്തമാക്കുന്നതിന് ലോക ബാങ്ക് സഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എ. സി. മൊയ്‌തീൻ ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. ആന്റണി ജോൺ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നഗരങ്ങളെയെല്ലാം മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ ലോക ബാങ്ക് സഹായത്തോടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | കേരളത്തിലെ നഗരങ്ങളിലെ മാലിന്യ പരിപാലന സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആധുനിക ശാസ്ത്രീയ സംവിധാനങ്ങൾ ഒരുക്കുന്നതിനുമായി ലോക ബാങ്ക്, ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് (AIIB) എന്നിവയുടെ സാമ്പത്തിക സഹായത്തോടെ കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP) ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ശാസ്ത്രീയ ഖരമാലിന്യ പരിപാലന പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി എല്ലാ നഗരസഭകളിലും പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ തുടങ്ങുകയും ഒരു സോളിഡ് വേസ്റ്റ് മാനേജ്മെന്റ് എഞ്ചിനീയറിനെ നഗരസഭകളിൽ ഖരമാലിന്യ പരിപാലനത്തിൽ സഹായിക്കാനായി നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. നഗരസഭകളിൽ ശാസ്ത്രീയ ഖരമാലിന്യ സംസ്കരണവും, നിർമ്മാർജ്ജനവും ഉൾപ്പടെ പൂർണ്ണമായും ശാസ്ത്രീയമായ പരിപാലനം ഉറപ്പ് വരുത്താൻ ഉദ്ദേശിക്കുന്നു. |
| (ബി) | മാലിന്യമുക്ത നഗരത്തിന്റെ ഭാഗമായി മൂന്ന് ലക്ഷംവരെ ജനസംഖ്യയുള്ള നഗരങ്ങളുടെയിടയിൽ ആലപ്പുഴയും ഒരു ലക്ഷം വരെ ജനസംഖ്യയുള്ള നഗരങ്ങളിൽ ഗുരുവായൂരും ഇൻഡ്യൻ സ്വച്ഛതാ ലീഗ് ദേശീയ അവാർഡ് നേടിയിട്ടുണ്ടോ; | (ബി) | മാലിന്യ മുക്ത നഗരത്തിന്റെ ഭാഗമായി ഗുരുവായൂർ നഗരസഭയും ആലപ്പുഴ നഗരസഭയും ഇൻഡ്യൻ സ്വച്ഛതാ ലീഗ് ദേശീയ അവാർഡ് നേടിയിട്ടുണ്ട്. |
| (സി) | മാലിന്യ സംസ്കരണ പരിപാടിയിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതോടൊപ്പം പൊതുസ്ഥലത്ത് മാലിന്യം വലിച്ചെറിയുന്നവർക്കെതിരെയും മാലിന്യ സംസ്കരണ സംവിധാനമില്ലാത്ത വാണിജ്യ സ്ഥാപനങ്ങൾക്കെതിരെയും കർശന നടപടിയെടുക്കാൻ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ | (സി) | മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് സംവിധാനം രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം 22.10.2022-ലെ GO(Rt) No.2566/2022/LSGD പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ ചില |

| | | | |
|---|---|---|---|
| | രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്ക്വാഡുകളുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | | ഭേദഗതികൾ വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ